കൾക്കാണ് കമ്മീഷൻ കടാശ്വാസം ശിപാർശ ചെയ്യുന്നത്. കർഷക ആത്മഹത്യ അധികമായി റിപ്പോർട്ട് ചെയ്തിട്ടുള്ള വയനാട് ജില്ലയിലെ കർഷകരുടെ 31-10-2011-വരെയുള്ള കടങ്ങളും കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. കൂടാതെ കമ്മീഷനിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി 31-10-2015 വരെ ദീർഘിപ്പിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ കടക്കെണിയിലകപ്പെട്ട എല്ലാ കർഷകർക്കും കമ്മീഷൻ കടാശ്വാസം ശിപാർശ ചെയ്യുന്നുണ്ട്.

(ഡി) കർഷക കടാശ്വാസ കമ്മീഷന്റെ ശിപാർശ പ്രകാരം ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ 89.39 കോടി രൂപ ബന്ധപ്പെട്ട ബാങ്കുകൾക്ക്/ സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

(ഇ) സംസ്ഥാന കർഷക കടാശ്വാസ കമ്മീഷനിൽ വ്യക്തിഗത അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതിയായി നിശ്ചയിച്ചിരുന്ന 31-5-2009-നകം ലഭിച്ചിരുന്ന 411782 അപേക്ഷകളിൽ 214009 എണ്ണം ഇക്കാലയളവിൽ തീർപ്പാക്കുകയും അവയിൽ 90,42,51,594 രൂപ കടാശ്വാസമായി ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. വയനാട് ജില്ലയിലെ കർഷകരുടെ 31-10-2011 വരെയുള്ള കടങ്ങൾ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നതിനെത്തുടർന്ന് ലഭിച്ച 21750 അപേക്ഷകളിൽ 12558 എണ്ണം തീർപ്പാക്കുകയും അവയിൽ 11,15,03,077 രൂപ കടാശ്വാസമായി ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. കമ്മീഷനിൽ വ്യക്തിഗത അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള തീയതി 31-10-2015-വരെ ദീർഘിപ്പിച്ച തനുസരിച്ച് 43666 അപേക്ഷകൾ കൂടി നിലവിൽ ലഭിച്ചിട്ടുണ്ട്.

കമ്മീഷന്റെ ശിപാർശ പ്രകാരം ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ 89.39 കോടി രൂപ ബന്ധപ്പെട്ട ബാങ്കുകൾക്ക്/സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

കർഷക പെൻഷൻ വിതരണം

180 (1555) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷക പെൻഷൻ എത്രപേർക്ക് വിതരണം ചെയ്യുന്നുണ്ടെന്നും, പെൻഷന് വേണ്ടി നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഇപ്പോഴും പരിഗണിക്കാത്ത എത്ര അപേക്ഷകളുണ്ടെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പെൻഷൻ തുകയുടെ എത്ര മാസത്തെ കുടിശ്ശിക ഇനിയും വിതരണം ചെയ്യാനുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 337333 കർഷകർക്ക് പെൻഷൻ വിതരണം ചെയ്തു. 350579 പേർ പെൻഷനുവേണ്ടി അപേക്ഷിച്ചിട്ടുണ്ട്.

(ബി) 7413 അപേക്ഷകൾ ഇനിയും പരിഗണിക്കാനുണ്ട്.

(സി) 7-ാം മാസം മുതൽ കോഴിക്കോട് ജില്ലയിലും, 12 മാസം വരെ തിരുവനന്തപുരം ജില്ലയിലും കുടിശ്ശികയുണ്ട്.

ജില്ലാ കൃഷിത്തോട്ടത്തിന്റെ സ്ഥലം

181 (1556) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ജില്ലാ കൃഷിത്തോട്ടത്തിന്റെ സ്ഥലം വി.എഫ്.പി.സി.കെ. (VFPCK)യ്ക്ക് വിട്ടുനൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) വിട്ടുനൽകുന്നതിന് തീരുമാനിച്ച സ്ഥലത്തിന്റെ അളവ് എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥലം ഏതാവശ്യത്തിലേയ്ക്കാണ് വിട്ടുനൽകിയതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത സ്ഥലത്ത് നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) തീരുമാനിച്ചിട്ടില്ല. മാവേലിക്കര ജില്ലാ കൃഷിത്തോട്ടത്തിന്റെ 5.08 ഏക്കർ സ്ഥലം ഉപയോഗിക്കുന്നതിന് വി.എഫ്.പി.സി.കെ.-ക്ക് അനുവാദം നൽകുകയാണുണ്ടായത്. ഹൈടെക് പച്ചക്കറിതൈ യൂണിറ്റ് സ്ഥാപിച്ച് പച്ചക്കറിതൈ ഉൽപ്പാദിപ്പിക്കുന്നതിനാണ് അനുവാദം നൽകിയത്.

(ഡി) ഹൈടെക് പച്ചക്കറിതൈ യൂണിറ്റ് സ്ഥാപിച്ച് പച്ചക്കറിതൈ ഉൽപ്പാദിപ്പിക്കുന്നതിനാണ് മാവേലിക്കര ജില്ലാ കൃഷിത്തോട്ടത്തിന്റെ സ്ഥലം

LIBRARY ARCHIVES Kerala Legislative Assembly